(4) കണ്ണിക്കോട് പഞ്ചായത്തിലെ കേതുക്കോട് പടിഞ്ഞാറേപ്പടി പരിവിരേപ്പടി ഹരിജൻ കോളനി റോഡ് അറ്റകുറ്റപ്പണി

(5) വള്ളിക്കോട് പഞ്ചായത്തിലെ കരിയാപുരം കാരക്കാട്ട് പന്ത റോഡിന്റെ ഉദ്ധാരണം.

(6) കോന്നി പഞ്ചായത്തിലെ പിള്ളിനി മിച്ച ഭൂമി ഹരിജൻ കോളനി റോഡ് ഉദ്ധാരണം.

(ബി) ക്രമനം. 5 ഒഴികെയുള്ള എല്ലാ പണികൾക്കും ടെൻഡർ നൽകിയെങ്കിലും ഇതുവരെ ഒരു പണിപോലും പൂർത്തിയാക്കിയിട്ടില്ല. കരാറു കാരനു പണം മുഴുവനും കൊടുത്തിട്ടില്ല.

(സി)&(ഡി) ക്രമനം. 1, 2, 4 എന്നീ പണികൾ നടത്തിയിട്ടില്ലാത്ത കാരണത്താൽ കരാറുകാരൻ തന്നെ നിറുത്തിവച്ചിരിക്കുന്നു. ക്രമനം. 3,6 എന്നീ പണികൾ കരാറുകാരൻ മരിച്ചുപോയതിനാൽ നിർത്തിവച്ചിരിക്കുന്നു. ക്രമനം. 5 ടെണ്ടർ സ്റ്റേജിലാണ്. പണികൾ പൂർത്തിയാകാത്തത് നടത്തിന്റെ അപര്യാപ്തത മൂലമാണ്. പൂർത്തിയാക്കാനുള്ള പണികൾ പൂർത്തിയാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

9 (175) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷനിലെ നിയമനം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷനിൽ ഏതൊക്കെയാം തസ്തികൾ ഒഴിവുണ്ട്; എത്ര വീതം;

(ബി) ഈ തസ്തികകളിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർ നിയമ പഴുതുകൾ കണ്ടുപിടിച്ച് സ്ഥിരനിയമനം നേടുന്നതിനാൽ കരാർ വ്യവസ്ഥപ്രകാരമുള്ള നിയമനം ഒഴിവാക്കുമോ;

(ഡി) ഇത്തരം നിയമനങ്ങൾ പി.എസ്.സി. വഴിയാക്കാനും താൽക്കാലിക നിയമനം ആവശ്യമായാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിമാത്രം നിയമനം നടത്തുന്നതിനെതിരെ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷനിൽ താഴെപറയുന്ന തസ്തികകൾ ഒഴിവുണ്ട്.

(1) കമ്പനി സെക്രട്ടറി -1

(2) പ്രോജക്ട് എഞ്ചിനീയർ -1

(3) ഡ്രാഫ്റ്റ്സ്മാൻ -1

(4) റീജയണൽ മാനേജർ -1

(5) ഡപ്യൂട്ടി മാനേജർ(പ്രോജക്ടസ്) -1

(6) ജില്ലാ മാനേജർ -2

LIBRARY ARCHIVES Kerala Legislative Assembly

(7) അസിസ്റ്റന്റ് മാനേജർ	-4
(8) സീനിയർ അസിസ്റ്റന്റ്	-5
(9) പ്രോജക്ട് അസിസ്റ്റന്റ്	-21
(10) അക്കൗണ്ടന്റ്	-5
(11) സ്റ്റെനോ ടൈപ്പിസ്റ്റ്	-6
(12) ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ്	-14
(13) ജൂനിയർ അസിസ്റ്റന്റ്	-16
(14) ഡ്രൈവർ	-13
(15) പ്യൂൺ	-23
(16) വാച്ച്മാൻ	-12
(17)കണ്ടിജന്റ് എംപ്ലോയീസ്	-13
ആകെ	-139

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ ഇപ്പോൾ ആരെയും നിയമിച്ചിട്ടില്ല.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

10 (176) വാർഡർമാരുടെ കാറ്റഗറി മാറ്റം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാർക്ക് കാറ്റഗറിമാറി എൽ.ഡി. ക്ലാർക്കായി മാറുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വർഷങ്ങൾക്കുമുമ്പ് വാർഡൻമാരായി സർവ്വീസിൽ കയറിയവർക്ക് അർഹതപ്പെട്ട കാറ്റഗറി മാറ്റം ഇനിയും നടപ്പിലാക്കിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താൽപര്യമുള്ള വാർഡൻമാർക്ക് കാറ്റഗറി മാറുന്നതിന് ഓപ്ഷൻ സ്വീകരിച്ച് ക്ലാർക്കുമാരാകുന്നതിനുവേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ അനുസരിച്ച് വാർഡൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനമാണ് നിഷ്കർഷിച്ചിട്ടുള്ളത്. വാർഡൻ തസ്തികയിലേക്കും എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. അതിനാൽ പട്ടികജാതി വികസന വകുപ്പിലെ വാർഡൻമാർക്ക് എൽ.ഡി. ക്ലാർക്കുമാരായി കാറ്റഗറി മാറുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly